(ഡി) അറിയാം. തിരുവിതാംകൂറിൽ ഓവർടൈം കൂലി കണക്കാക്കുന്നതു് അടിസ്ഥാനകൂലിയും ക്ഷാമബത്തയുംകൂടി ചേർത്തതിന്റെ ഇരട്ടിയാണു്. എന്നാൽ കൊച്ചിയിൽ അടിസ്ഥാനകൂലി നിരക്കിന്റെ ഇരട്ടി മാത്രമെ ഓവർടൈം എന്ന നിലയിൽ കൊടുക്കുന്നുള്ളു.

(ഇ) ഫാക്ടറീസ്-ലാണു് ഇപ്പോഴത്തെ ഫാക്ടറി നിയമം പാസായതു്. ഫാക്ടറീസ് ഏപ്രിൽ 1-ാംനു- അതു് ഉദ്ദേശിതത്തിൽ വന്നു.

(എഫ്) ഇൻഡ്യൻ ഫാക്ടറി നിയമം ബി. വിഭാഗം സ്റ്റോറുകളിൽകൂടി നടപ്പാക്കുവാൻ ഇൻഡ്യാഗവണ്മെണ്ടു് അടുത്തുതന്നെ നിയമനിർമ്മാണം നടത്തുവാൻ വേണ്ട നടപടികളും എടുത്തിട്ടുണ്ടു്.

മീൻപിടിത്തം

൪൯൦. (വുൻ) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തേവരക്കടത്ത കായലിലും മറ്റും തല്ലുവല, അടക്കംകൊല്ലി മുതലായ നിയമരഹിതങ്ങളായ ഉപകരണങ്ങളും ഉപയോഗിച്ചു് മീൻപിടിക്കുവാൻ അനുവാദം നൽകുക ഉണ്ടായിട്ടുണ്ടോ ;

(ബി) അവ തടയുന്നതിനു് വേണ്ട അപേക്ഷകളോ പരാതികളോ പ്രമേയങ്ങളോ ഗവണ്മെണ്ടിനു് ലഭിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്) :

(എ) ഇല്ല.

(ബി) ഉണ്ടു്. അവ തടയുന്നതിനു് ഡിപ്പാർട്ടുമെണ്ടിൽനിന്നും വേണ്ട നടപടികളും എടുത്തുവരികയാണു്.

വനം വെട്ടുപദ്ധതി

൪൯൧. (൯൦) ശ്രീ. സബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവണ്മെണ്ടിന്റെ വനംവെട്ടുപദ്ധതിയുടെ ഗുണദോഷങ്ങൾ പരിശോധിക്കുവാൻ നിയുക്തമായ കമ്മിറ്റി റിപ്പോർട്ടു് സമർപ്പിച്ചോ ;

(ബി) കണക്കുംപടി എത്രമാത്രം വനം വെട്ടിയിട്ടുണ്ടു് ;

(സി) ജലവൈദ്യുതപദ്ധതിയേയോ മറ്റേതെങ്കിലും പദ്ധതിയേയോ ഇതു ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എങ്ങിനെയെന്നു് വിശദമാക്കാമോ ;

(ഡി) വനംവെട്ടു തടയാൻ ഇതിനകം വല്ല നടപടിയും സ്വീകരിക്കുകയുണ്ടായോ?

വിദ്യാഭ്യാസവും തൊഴിലും സിവിലും സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :)

(എ) ഇല്ല.

(ബി) ൩൨,൩൨൨ ഏക്കർ സ്ഥലം കൃഷിക്കായി വിട്ടുകൊടുത്തിട്ടുണ്ടു്.

(സി) യാതൊരു പദ്ധതികളെയും ബാധിച്ചിട്ടുള്ളതായി അറിവില്ല.

(ഡി) കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഈ കാര്യം തീരുമാനിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly